# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1108 04.12.2014 -ലെ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കോമേഴ്സ് അധ്യാപകരുടെ ഒഴിവുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി. സജീന്ദ്രൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളിൽ കോമേഴ്സ് അധ്യാപകരുടെ (ജൂനിയർ & സീനിയർ) എത്ര ഒഴിവുകൾ ഇതുവരെ പബ്ലിക് സർവീസ് കമ്മീഷനു റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 32 ഒഴിവുകളും ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കൊമേഴ്സ് (ജൂനിയർ) തസ്തികയിലെ 357 ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 21 ഒഴിവുകൾ ഇതുവരെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ കൊമേഴ്സ് വിഷയത്തിൽ ജൂനിയർ അദ്ധ്യാപക തസ്തിക നിലവിലില്ല. |
| (ബി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കൊമേഴ്സ് (ജൂനിയർ) കാറ്റഗറി നം.459/2010) തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് 03/09/2014 തീയതിയിലും ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയുടെ (കാറ്റഗറി നം.459/2010) റാങ്ക് ലിസ്റ്റ് 11/08/2014 തീയതിയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയുടെ (കാറ്റഗറി നം.459/2010) റാങ്ക് ലിസ്റ്റ് 24/09/2014 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് എത്ര പേർക്ക് നിയമന ശുപാർശ നടത്തുവാൻ പബ്ലിക് സർവീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലെല്ലാം നിയമന ശുപാർശ നൽകുന്നത് പി.എസ്.സി യാണ്. |

സെക്ഷൻ ഓഫീസർ